ഉത്തരം

(എ) സംസ്ഥാനത്ത് സിനിമാ വ്യവസായ തൊഴിലാളികൾക്ക് മാത്രമായി ഒരു ക്ഷേമനിധി ഇല്ല. എന്നാൽ ഈ വിഭാഗം തൊഴിലാളികൾക്കും കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകാവുന്നതാണ്.

(ബി) ഉദിക്കുന്നില്ല.

(സി) പരിഗണനയിലില്ല.

കേരളാ കൺസ്ട്രക്ഷൻ ആന്റ് അദർ വർക്കേഴ്സ് ക്ഷേമനിധി ബോർഡിന് കെട്ടിടം

59(962) ശ്രീ. വെങ്ങാനൂർ. പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ കൺസ്ട്രക്ഷൻ ആന്റ് അദർ വർക്കേഴ്സ് ക്ഷേമനിധി ബോർഡിന് കെട്ടിടം നിർമ്മിക്കുവാൻ വേണ്ടി ഭൂമി വിലയ്ക്ക് വാങ്ങിയിട്ടുണ്ടോ ;

(ബി) എങ്കിൽ കെട്ടിട നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(സി) എത്രയും വേഗം കെട്ടിടനിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ എഞ്ചിനീയറിംഗ് കോളേജ്

60(963) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജ് എവിടെയാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. എന്നാൽ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാനുള്ള തീരുമാനം ബോർഡ് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

(ബി&സി) ഉദിക്കുന്നില്ല.

കർഷക തൊഴിലാളി ക്ഷേമനിധി സംബന്ധിച്ച ആനുകൂല്യങ്ങൾ വിതരണം

61(964) ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി സംബന്ധിച്ച ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാനുള്ള ചുമതല ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചത് എന്നു മുതൽക്കാണ്;

(ബി) ഏത് തീയതി വരെയുള്ള അപേക്ഷകളാണ് നാളിതുവരെ തീർപ്പ് കൽപ്പിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുള്ളത് എന്നറിയിക്കുമോ;

(സി) ഇനിയും അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കർഷക തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) ക്ഷേമനിധി ബോർഡിന്റെ വിവിധ ജില്ലാ ഓഫീസുകൾ വ്യത്യസ്ത തീയതികളിലാണ് ആരംഭിച്ചിട്ടുള്ളത്. ആനുകൂല്യങ്ങൾ നൽകിവരുന്നത് ഓരോ ജില്ലകളിലും ലഭ്യമായ അപേക്ഷകളുടെ മുൻഗണനാ ക്രമത്തിലാണ്. മുഴുവൻ അപേക്ഷകളിലും തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(സി&ഡി) ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) വിവിധ ആനുകൂല്യങ്ങൾക്കായി 58279 അപേക്ഷകൾ തീർപ്പു കൽപ്പിക്കാനായി ബാക്കിയുണ്ട്. ഈയിനത്തിൽ 23 കോടി രൂപയോളം സാമ്പത്തിക ബാദ്ധ്യതയുണ്ടാകും. ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly